(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VII. നിയമനിർമ്മാണകാര്യം

[അദ്ധ്യക്ഷ വേദിയിൽ *മി. സ്പീക്കർ*]

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)* : സർ, 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly